**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 127** **29-01-2024 - ൽ മറുപടിയ്ക്ക്**

**മുഖ്യമന്ത്രിയുടെ സുരക്ഷ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | മുഖ്യമന്ത്രിയ്ക്ക് സുരക്ഷ ഒരുക്കുന്നതിനായി നിയോഗിച്ചിട്ടുള്ള ഗൺമാൻമാരുടെ ചുമതലകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; ഇവരെ തിരഞ്ഞെടുക്കുന്നതിനുള്ള നടപടിക്രമം എന്താണ്; എന്തൊക്കെ ആയുധങ്ങളാണ് ഇവർക്ക് ഔദ്യോഗിക ചുമതലയുടെ ഭാഗമായി നൽകിയിട്ടുള്ളത്; വിശദാംശങ്ങൾ നൽകുമോ; | (എ) | സംസ്ഥാന മുഖ്യമന്ത്രി Z+ കാറ്റഗറി സുരക്ഷയുള്ള സംരക്ഷിത വ്യക്തിയാണ്. സുരക്ഷ സംബന്ധിച്ച വിവരങ്ങളും സുരക്ഷാ ഉദ്യോഗസ്ഥരെ നിശ്ചയിക്കുന്ന വിവരങ്ങളും നൽകുവാൻ നിർവ്വാഹമില്ല. സുരക്ഷാ ഉദ്യോഗസ്ഥർ എപ്പോഴും ജാഗ്രത പുലർത്തുകയും തങ്ങളുടെ ഡ്യൂട്ടി സമയത്ത് ഏത് സാഹചര്യവും മുൻകൂട്ടി മനസ്സിലാക്കി അതു നേരിടുവാൻ തയ്യാറായിരിക്കണമെന്ന് നിർദ്ദേശം നിലവിലുണ്ട്. നവകേരള സദസ്സുമായി ബന്ധപ്പെട്ട് ജനാധിപത്യപരമായ പ്രതിഷേധ സമരങ്ങൾക്കെതിരെ ഒരു നടപടിയും ഉണ്ടായിട്ടില്ല. ഇത്തരം പ്രതിഷേധത്തിൽ പങ്കെടുത്തതിന്റെ പേരിൽ സുരക്ഷാ ഉദ്യോഗസ്ഥർ മർദ്ദിച്ചതായ സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | ഇപ്രകാരം നിയോഗിക്കപ്പെടുന്ന ഗൺമാൻമാർക്ക് ലോക്കൽ പോലീസിനെ മറികടന്ന് ക്രമസമാധാന പ്രശ്നങ്ങളിൽ ഇടപെടുന്നതിന് അധികാരം നൽകിയിട്ടുണ്ടോ; ഇവർക്ക് ലാത്തി ഉപയോഗിച്ച് ആളുകളെ മർദ്ദിക്കുന്നതിന് അധികാരം ഉണ്ടോ; വിശദാംശം നൽകുമോ; | (ബി) | (എ) പിരിവിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. |
| (സി) | ഇപ്രകാരം സുരക്ഷയ്ക്കായി നിയോഗിക്കപ്പെടുന്ന ഗൺമാൻമാർ ഡ്യൂട്ടി സമയത്ത് മുഖ്യമന്ത്രിയോടൊപ്പം സഞ്ചരിക്കാതെ മറ്റു വാഹനങ്ങളിൽ സഞ്ചരിക്കുന്നതിന് അനുമതി ഉണ്ടോ; വ്യക്തമാക്കുമോ; | (സി) | (എ) പിരിവിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. |
| (ഡി) | മുഖ്യമന്ത്രിയോടൊപ്പം സഞ്ചരിക്കേണ്ട സുരക്ഷാ ചുമതലയുള്ള ഗൺമാൻ പ്രസ്തുത വാഹനവ്യൂഹത്തിൽ നിന്നും പുറത്തിറങ്ങി ലോക്കൽ പോലീസ് തടഞ്ഞു വച്ചിരുന്ന പ്രതിഷേധക്കാരെ മർദ്ദിക്കുന്നത് ഇയാളുടെ കൃത്യനിർവഹണത്തിൽ ഉള്ള ഗുരുതര വീഴ്ചയല്ലേ; ഇത്തരം സന്ദർഭങ്ങളിൽ ഇയാൾക്ക് എതിരെ | (ഡി) | (എ) പിരിവിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | എന്തൊക്കെ ശിക്ഷാ നടപടികളാണ് സ്വീകരിക്കാൻ കഴിയുന്നതെന്ന് വ്യക്തമാക്കുമോ; | | |
| (ഇ) | നവകേരള സദസ്സ് പരിപാടിക്കായി മുഖ്യമന്ത്രിയും സംഘവും ആലപ്പുഴയിൽ എത്തിച്ചേർന്നപ്പോൾ പ്രതിപക്ഷ വിദ്യാർഥി യുവജന സംഘടനാ പ്രവർത്തകരെ ലാത്തി കൊണ്ട് മർദ്ദിച്ച മുഖ്യമന്ത്രിയുടെ ഗൺമാന് എതിരെ നാളിതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ? | (ഇ) | (എ) പിരിവിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ